## <u>കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം</u>

(ഹാജർ : അരുൺ.ടി.ജെ)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം – ഭരണജാഗ്രത – പള്ളിക്കര ഗ്രാമപഞ്ചായത്ത് – കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ വാങ്ങാതെ പെർമിറ്റ് അനുവദിച്ചത് – സാമ്പത്തിക ക്രമക്കേട് –സീനിയർ ക്ലർക്ക് ശ്രീ.ബൈജു.പി.വി എന്നവരെ സ്ഥലം മാറ്റി ഉത്തരവാകുന്നു.

പരാമർശം:- പി.എ.യു 2, പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസറുടെ 20/02/2019 തീയ്യതിയിലെ PAU/II/42/2019 നമ്പര് റിപ്പോർട്ട്

<u>ഉത്തരവ് നമ്പർ. DDP-KSD/475/2019-SC5, തീയ്യതി.21/02/2019</u>

പള്ളിക്കര ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ രശീതി ചെയ്യ് അടവാക്കാതെ, ഫ്രണ്ട് ഓഫീസിൽ മറ്റ് ഇനങ്ങളിൽ പണമടച്ച രശീതി നമ്പർ പെർമിറ്റ് രജിസ്റ്ററിലും, സങ്കേതം സോഫ്റ്റ് വേറിലും തെറ്റായി ചേർത്ത് പെർമിറ്റ് തയ്യാറാക്കുകയും, കൂടാതെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് നിയമാനുസരണം ഈടാക്കേണ്ട ഫൈൻ ഈടാക്കാതെ പലകെട്ടിടങ്ങൾക്കും ഉടമസ്ഥാവകാശം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായും, ആയതിനാൽ പ്രസ്തുത സെക്ഷന്റെ ചുമതലയുള്ള സീനിയർ ക്ലർക്ക് ശ്രീ. ബൈജു. പി. വി എന്നവർ സാമ്പത്തിക ക്രമക്കേട് നടത്തിയതായും, അപ്രകാരം പഞ്ചായത്തിന് ധനനഷ്ടം സംഭവിച്ചതായും, മേൽ പരാമർശ പ്രകാരം പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിൻറെ ഭാഗമായി ടിയാളെ എൺമകജെ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഈ ഉത്തരവ് ഉടൻ നടപ്പിൽ വരുത്തേണ്ടതും, ടി ജീവനക്കാരൻ വിടുതൽ ചെയ്യുതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ ഓഫീസിലും ബന്ധപ്പെട്ട ഓഫീസിലും അറിയിക്കേണ്ടതുമാണ്. .

Signature Not Verified
Digitally signed by Arun T J
Date: 2019.02.21 15:56:50 IST
Reason: Approved

അരുൺ.ടി.ജെ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കാസറഗോഡ്

വ്യക്തിക്ക് ( ഓഫീസ് മേധാവി മുഖേന )

പകർപ്പ് : 1) സെക്രട്ടറി, പള്ളിക്കര ഗ്രാമ പഞ്ചായത്ത്
2) സെക്രട്ടറി, എൺമകജെ ഗ്രാമപഞ്ചായത്ത്